(ബി) ഇതിന് പരിഹാരമുണ്ടാക്കി ബസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 1. ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകളുടെ യാർഡുകൾ കോൺക്രീറ്റ് ചെയ്തുവരികയാണ്.

2. ബസ്സ് സ്റ്റേഷനുകളിലെ പുരുഷൻമാർക്കും സ്തീകൾക്കുമുള്ള ടോയ്ലെറ്റുകളുടെ നവീകരണ പ്രവൃത്തികൾ, കേരള ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടന്നുവരികയാണ്.

3. സുലഭ് ഇന്റർനാഷണൽ എന്ന സോഷ്യൽ ഏജൻസിക്ക് ബസ് സ്റ്റേഷനുകളിൽ ഡിപ്പാർട്ടുമെന്റ് ഓഫ് ടൂറിസം നിർമ്മിച്ചിട്ടുള്ള ട്രാവലേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം ഏൽപ്പിച്ചിട്ടുണ്ട്.

ബസ്സുകളിലെ സീറ്റ് സംവരണം

66 [501] ശ്രീ. പി. ടി. തോമസ്:
,, സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, എം. പി. ഗംഗാധരൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും ആർക്കെല്ലാമാണ് സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതായി ബസ്സിനുള്ളിൽ രേഖപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ സംവരണാനുകൂല്യം ലഭിക്കുന്നതിനർഹതയുള്ളവരെ ഇരിക്കാനനുവദിക്കാതെ മറ്റുള്ളവർ ഇരുന്ന് യാത്ര ചെയ്യാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംവരണ വിഭാഗത്തിൽപ്പെടാത്തവർ അത്തരം സീറ്റുകളിലിരുന്ന് യാത്ര ചെയ്യുമ്പോൾ സംവരണ വിഭാഗത്തിൽപ്പെട്ട യാത്രക്കാർ വരുന്നപക്ഷം അതിൽ ഇരിക്കുന്നവരെ മാറ്റി സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധമായും സീറ്റ് ഒഴിപ്പിച്ചു കൊടുക്കണമെന്ന് ബസ് കണ്ടക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾക്കും അംഗവൈകല്യമുള്ളവർക്കും സംവരണം ചെയ്തിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾ, അന്ധർ, വികലാംഗർ, സീനിയർ സിറ്റിസൺ എന്നിവർക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. (സിറ്റി, ഓർഡിനറി ഫ്രാഞ്ചൈസ് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിൽ സ്ത്രീകൾക്ക് 25% സീറ്റും അന്ധർക്ക് ഒരു സീറ്റും, വികലാംഗർക്ക് 2 സീറ്റും, സീനിയർ സിറ്റിസണിന് 2 സീറ്റുമാണ് കെ.എസ്.ആർ.ടി.സി. സംവരണം ചെയ്തിട്ടുള്ളത്).

(ബി) ഉണ്ട്. ചില പരാതികൾ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധമായും സീറ്റ് ഒഴിപ്പിച്ചു കൊടുക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംവരണത്തിനർഹതയുള്ളവർക്ക് അർഹതപ്പെട്ട സീറ്റുകൾ ലഭ്യമാക്കുവാൻ കണ്ടക്ടർമാർ ബാധ്യസ്ഥരാണ്. ഇത് നിർവ്വഹിക്കാത്ത കണ്ടക്ടർമാർക്കെതിരെ നടപടിയെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡുകളുടെ ശോചനീയാവസ്ഥയും വാഹനപ്പെരുപ്പവും

67 [502] ശ്രീ. ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോയിനത്തിലുംപെട്ട എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly